ഉത്തരം

(എ) പുന്നപ്രയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രിയും എഞ്ചിനീയറിംഗ് കോളേജും എം.ബി.എ. കോളേജും കേപ്പിന്റെ കീഴിലെ സ്ഥാപനങ്ങളാണ്. കേപ്പ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ്. ഇത് ഒരു സ്വാശ്രയ സ്ഥാപനമാണ്. കേപ്പിന്റെ നിയമങ്ങൾ പ്രകാരം സ്ഥാപനങ്ങളിലേക്കുള്ള നിയമനം അപേക്ഷ ക്ഷണിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ മാത്രം നടത്തിയും കോൺട്രാക്ട് അടിസ്ഥാനത്തിലും സ്വീപ്പർമാരെ ദിവസവേതനത്തിലുമാണ് നിയമിക്കുന്നത്. ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) കീഴിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി, സഹകരണ എഞ്ചിനീയറിംഗ് കോളേജ്, എം.ബി.എ. കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപക-അദ്ധ്യാപകേതര, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്കുള്ള റഗുലർ നിയമനം എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലും താൽക്കാലിക നിയമനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിലുമാണ് നടത്തുന്നത്. സ്വീപ്പർമാരെ ദിവസവേതന അടിസ്ഥാനത്തിലും നിയമനം നടത്തുന്നുണ്ട്.

(ബി) പുന്നപ്ര എൻജിനീയറിംഗ് കോളേജിൽ അദ്ധ്യാപകരായി 49 പേരെ നിയമിച്ചിട്ടുണ്ട്. എം.ബി.എ. കോളേജിൽ അദ്ധ്യാപകരായി 6 പേരെയും നിയമിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജിലും എം.ബി.എ കോളേജിലും സഹകരണ ആശുപത്രിയിലുമായി ഉന്നത ഉദ്യോഗസ്ഥ തസ്തികകളിൽ 13 പേരെയും ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 29 പേരെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ പേരു വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പുന്നപ്ര എൻജിനീയറിംഗ് കോളേജിൽ പെൻഷൻ പറ്റിയ 10 പേരെയും, എം.ബി.എ. കോളേജിൽ ഒരാളേയും, പുന്നപ്ര സഹകരണ ആശുപത്രിയിൽ 12 പേരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധനം 2 ആയി ചേർക്കുന്നു.*

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ, സീനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തിക

27 (2278) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ഓഡിറ്റർ, സീനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ എന്നീ പോസ്റ്റുകളിൽ എത്ര തസ്തിക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് ;

(ബി) ജൂനിയർ-സീനിയർ തസ്തികകൾ തമ്മിലുള്ള അനുപാതം എത്രയാണ്; നിശ്ചിത അനുപാതം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ. ചട്ടം 144, 156 എന്നിവ പ്രകാരമുള്ള തസ്തികകളിൽ ജീവനക്കാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള ആകെ എത്ര അപേക്ഷകൾ രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട് ; 2010-ൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട് ;

(ഡി) ജൂനിയർ തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായാൽ നേരിട്ട് നിയമനം നൽകാറുണ്ടോ ; എങ്കിൽ അതുപ്രകാരമുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ഇ) 2011 മാർച്ച് 31-നകം ജൂനിയർ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് യു.ഡി.സി./യു.ഡി.റ്റി. മാർക്ക് എത്ര ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ട് ; അതിന് യോഗ്യത നേടിയ എത്ര യു.ഡി.സി./യു.ഡി.റ്റി.-മാരുണ്ട് ; അവരുടെ പേരുവിവരവും അവർ തസ്തികയിൽ പ്രവേശിച്ച തീയതിയും യോഗ്യത നേടിയ തീയതിയും സംബന്ധിച്ച വിവരം നൽകുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ 1164 സഹകരണ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇത് 1:1 എന്ന ,അനുപാതത്തിൽ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ സീനിയർ ഇൻസ്പെക്ടർ/ഓഡിറ്റർമാരായി നിലനിൽക്കുന്നു.

(ബി) ജൂനിയർ-സീനിയർ തസ്തികകൾ 1:1 അനുപാതത്തിലാണ്. നിശ്ചിത അനുപാതം പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2010-ൽ കെ.എസ്.ആർ. ചട്ടം 144 പ്രകാരം 19 അപേക്ഷകളും ചട്ടം 156 പ്രകാരം 91 അപേക്ഷകളും ലഭിച്ചിരുന്നു. ടി അപേക്ഷകളിന്മേൽ എല്ലാം അനുകൂലമായ തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി തസ്തികകളിൽ നിയമനം നടക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 7-8-2010-ലെ ജി.ഒ. (എംഎസ്.) 141/2010/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം യു.ഡി.സി./യു.ഡി.റ്റി.-മാരിൽ നിന്നും വി.ഇ.ഒ.-മാരിൽ നിന്നും ട്രൈബ്രാൻസ്ഫർ നിയമനത്തിനായുള്ള 204 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 171 ഒഴിവുകളിലേക്ക് നിയമനം നടത്തുകയും ശേഷിക്കുന്ന 33 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി 33 ഒഴിവുകൾ വി.ഇ.ഒ.-മാരിൽ നിന്നുള്ള ട്രൈബ്രാൻസ്ഫർ നിയമനത്തിനായി 1-4-2011-ൽ ജനിക്കുന്നവരായതിനാൽ നിയമന ശിപാർശ ലഭിച്ചിട്ടില്ല.

(ഇ) 7 ഒഴിവുകൾ. യോഗ്യത നേടിയവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly